# കണ്ണൂർ സർവകലാശാല മഞ്ചേശ്വരം ക്യാമ്പസ് ഉൽഘാടനം

കണ്ണൂർ സർവകലാശാലയുടെ എട്ടാമത്തെ ക്യാമ്പസ് കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരത്ത് നവംബർ 20 ന് ബഹു. മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ഉൽഘാടനം ചെയ്യും. ഓൺലൈനായി നടക്കുന്ന ചടങ്ങിൽ ബഹു.ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ.ആർ.ബിന്ദു അധ്യക്ഷത വഹിക്കും. സർവകലാശാല വൈസ്-ചാൻസലർ പ്രൊഫ.ഗോപിനാഥ് രവീന്ദ്രൻ സ്വാഗതം ആശംസിക്കും. രാവിലെ 11ന് മഞ്ചേശ്വരം ക്യാമ്പസിൽ നടക്കുന്ന ഓഫ്‌ലൈൻ പ്രോഗ്രാമിൽ മഞ്ചേശ്വരം എം.എൽ.എ ശ്രീ.എ.കെ.എം.അഷ്‌റഫ് അധ്യക്ഷം വഹിക്കും. കാസർഗോഡ് എം.പി. ശ്രീ.രാജ്മോഹൻ ഉണ്ണിത്താൻ, ഉദുമ എം.എൽ.എ ശ്രീ.സി.എച്ച്.കുഞ്ഞമ്പു, ജില്ലാ കളക്ടർ ശ്രീമതി.ഭണ്ഡാരി സ്വാഗത് രൺവീർചന്ദ് ഐ.എ.എസ്, കാസർഗോഡ് സബ്.ജഡ്ജ് & സെക്രട്ടറി, ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, ശ്രീ.എം.സുഹൈബ് എന്നിവർ മുഖ്യാതിഥികൾ ആവും. സിൻഡിക്കേറ്റ് അംഗം ഡോ.എ.അശോകൻ റിപ്പോർട്ട് അവതരിപ്പിക്കും. കാസർകോട് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബേബി ബാലകൃഷ്ണൻ, മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷമീന ടീച്ചർ, മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.ജീൻ ലവീന മൊന്തേരോ, കാസർകോട് ജില്ലാപഞ്ചായത്ത് അംഗം ശ്രീമതി കമലാക്ഷി കെ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ.എൻ.അബ്ദുൽ ഹമീദ്, മഞ്ചേശ്വരം ഒമ്പതാം വാർഡ് അംഗം ശ്രീ.യാദവ ബഡാജെ, യൂണിവേഴ്‌സിറ്റി യൂണിയൻ ജനറൽ സെക്രട്ടറി കുമാരി ശിൽപകെ.വി, സിൻഡിക്കേറ്റ് അംഗം ഡോ.രാഖി രാഘവൻ, രാഷ്ട്രകവി ഗോവിന്ദ പൈ സ്മാരക സമിതി സെക്രട്ടറി ശ്രീ.ജയാനന്ദ

കെ.ആർ എന്നിവർ ആശംസകൾ അർപ്പിക്കും. പ്രോ-വൈസ് ചാൻസലർ പ്രൊഫ.സാബു എ നന്ദി പ്രകാശനം നടത്തും.

കേരളത്തിന്റെ വടക്കേ അറ്റമായ കാസർഗോഡ്, മഞ്ചേശ്വരം പ്രദേശങ്ങൾ ഇന്ത്യൻ ദേശീയതയുടെ പരിച്ഛേദം തന്നെയാണ്. മലയാളത്തിനു പുറമേ തുളു, കന്നഡ, ബ്യാരി, മറാഠി, കൊങ്കണി, ഉർദു എന്നീ ഭാഷകൾ സംസാരിക്കുന്നവർ ഈ ജില്ലയിലുണ്ട്. സപ്തഭാഷകളുടെയും സാംസ്കാരിക ബഹുസ്വരതയുടെയും ഭൂമിയാകുമ്പോഴും വികസന രംഗത്തെ പിന്നോക്കാവസ്ഥയെ കാസർഗോഡ് തരണം ചെയ്തു വരുന്നതേയുള്ളൂ. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുറവായതിനാൽ ഈ പ്രദേശത്തെ വിദ്യാർഥികൾ ഉപരിപഠനാർത്ഥം അയൽ സംസ്ഥാനമായ കർണാടകത്തിലേക്കാണ് പോകുന്നത്. ജില്ലയുടെ ഉന്നത വിദ്യാഭ്യാസ രംഗത്തെ പോരായ്മകൾ പരിഹരിക്കാനുള്ള കണ്ണൂർ സർവകലാശാലയുടെ പ്രതിജ്ഞാബദ്ധതയാണ് മഞ്ചേശ്വരത്ത് സ്ഥാപിക്കപ്പെടുന്ന ഈ ക്യാമ്പസ് അടയാളപ്പെടുത്തുന്നത്. ക്യാമ്പസ് പ്രവർത്തനം തുടങ്ങുന്നതിന്റെ ഭാഗമായി ഈവർഷം തന്നെ LLM കോഴ്സ് ആരംഭിക്കും. അഞ്ച് വർഷത്തെ ഇന്റഗ്രേറ്റഡ് പിജി കോഴ്സുകൾ ആരംഭിക്കുന്ന കാര്യം സർവകലാശാലയുടെ പരിഗണനയിലാണ്. മഞ്ചേശ്വരം ക്യാമ്പസിനെ ഭാഷാ വൈവിധ്യപഠന കേന്ദ്രമായി വളർത്തിയെടുക്കുന്നതിനാണ് സർവകലാശാല ലക്ഷ്യമിടുന്നത്. അടുത്ത 5 വർഷങ്ങൾകൊണ്ട് സർവകലാശാലയുടെ മറ്റ് ക്യാമ്പസുകൾക്ക് തുല്യമായ തലത്തിലേക്ക് മഞ്ചേശ്വരം ക്യാമ്പസിനെയും വളർത്തിയെടുക്കുക എന്നതാണ് ലക്ഷ്യം.

## എം. എസ്. സി. വുഡ് സയൻസ് ആൻഡ് ടെക്നോളജി - സീറ്റ് ഒഴിവ്

കണ്ണൂർ സർവ്വകലാശാല മങ്ങാട്ടുപറമ്പ ക്യാമ്പസിലെ വുഡ് സയൻസ് & ടെക്നോളജി പഠന വകുപ്പിൽ എം. എസ്. സി. വുഡ് സയൻസ് ആൻഡ് ടെക്നോളജി (ഇൻഡസ്ട്രി ലിങ്ക്ഡ്) കോഴ്സിൽ എസ്. ഇ. ബി. സി., പട്ടിക ജാതി/ പട്ടിക വർഗ വിഭാഗത്തിൽ ഏതാനും ഒഴിവുകൾ ഉണ്ട്. അർഹരായ വിദ്യാർഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം 2021 നവംബർ 24 നു രാവിലെ 10.30 നു നേരിട്ട് ഹാജരാകണം. ഫോൺ: 0497-2782790, 9496353817.

## എം.എ ഹിന്ദി സീറ്റൊഴിവ്

കണ്ണൂർ സർവ്വകലാശാല, നീലേശ്വരം പി.കെ രാജൻ മെമ്മോറിയൽ ക്യാംപസിലെ ഹിന്ദി പഠന വകുപ്പിൽ എം.എ ഹിന്ദി കോഴ്സിൽ എസ്. ഇ. ബി. സി, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സംവരണം ചെയ്ത ഏതാനും സീറ്റുകളിൽ ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന യോഗ്യരായ വിദ്യാർത്ഥികൾ നവംബർ 23 ചൊവ്വാഴ്ച രാവിലെ 10 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം നേരിട്ട് ഹാജരാകണം.ഫോൺ: 9847859018.

## അസിസ്റ്റൻറ് എൻജിനീയർ ഒഴിവ്

കണ്ണൂർ സർവ്വകലാശാലയിൽ അസിസ്റ്റൻറ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലുള്ള ഒരു ഒഴിവിലേക്ക് കരാറടിസ്ഥാനത്തിൽ പരമാവധി ഒരുവർഷത്തേക്ക് നിയമിക്കപെടുന്നതിന് ഈഴവ/തിയ്യ/ബില്ലവ വിഭാഗത്തിലെ യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. നിശ്ചിത മാതൃകയിലുള്ള അപേക്ഷ 27-11-2021 വൈകുന്നേരം 5 മണിക്ക് മുൻപായി സർവകലാശാല രജിസ്ട്രാർ മുമ്പാകെ നേരിട്ടോ registrar@kannuruniv.ac.in എന്ന ഈമെയിൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്. പ്രായം, വിദ്യാഭ്യാസയോഗ്യത, പ്രവർത്തിപരിചയം, കമ്മ്യൂണിറ്റി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് അപേക്ഷയോടൊപ്പം ചേർക്കേണ്ടതാണ്. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (www.kannuruniversity.ac.in) ലഭ്യമാണ്. അഭിമുഖ തീയതി പിന്നീട് അറിയിക്കുന്നതാണ്. ഈഴവ/തിയ്യ/ബില്ലവ വിഭാഗങ്ങളിലെ ഉദ്യോഗാർഥികളുടെ അഭാവത്തിൽ അർഹതപ്പെട്ട മറ്റ് സംവരണ വിഭാഗങ്ങളിലുള്ളവരെയും പരിഗണിക്കുന്നതാണ്.

## അധ്യാപക തസ്തികകളിൽ ഒഴിവ്

കണ്ണൂർ സർവകലാശാലയുടെ ധർമ്മശാല കാമ്പസിൽ പ്രവർത്തിക്കുന്ന സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലേക്ക് റ്റെന്യൂവർ (TENURE) അടിസ്ഥാനത്തിൽ (2 വർഷത്തേക്ക്) നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ഓഫ് ലൈനായി 24.11.2021 വരെ സ്വീകരിക്കും. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (www.kannuruniversity.ac.in) ലഭ്യമാണ്.

## ടൈംടേബിൾ

**08.12.2021** ന് ആരംഭിക്കുന്ന അഫീലിയേറ്റഡ് കോളേജുകളിലെ **ഒന്നാം** സെമസ്റ്റർ **എം. സി. എ.** റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ് (2014 അഡ്മിഷൻ മുതൽ), നവംബർ 2020 പരീക്ഷകളുടെ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

## പരീക്ഷ തീയതി

**അഞ്ചാം** സെമസ്റ്റർ **ബിരുദ** (2009 – 2013 അഡ്മിഷനുകൾ) **മേഴ്സി ചാൻസ്** പരീക്ഷകൾ **08.12.2021** മുതൽ സർവകലാശാല ആസ്ഥാനത്ത് വച്ച് നടക്കും.

**പരീക്ഷാവിജ്ഞാപനം**

സർവകലാശാല പഠനവകുപ്പുകളിലെ **രണ്ടാം** സെമസ്റ്റർ (റെഗുലർ), മെയ് 2021 പരീക്ഷകൾ വിജ്ഞാപനം ചെയ്തു.

- **എം. എ./ എം. എസ് സി./ എം. സി. എ./ എം. ബി. എ./ എൽഎൽ. എം./ എം. ലൈബ്. ഐ. എസ് സി.** പരീക്ഷകൾക്ക് **23.11.2021** മുതൽ **25.11.2021** വരെ പിഴയില്ലാതെയും **27.11.2021** വരെ പിഴയോട് കൂടെയും ഓൺലൈനായി അപേക്ഷിക്കാം.
- **എം. എഡ്.** പരീക്ഷകൾക്ക് **26.11.2021** മുതൽ **29.11.2021** വരെ പിഴയില്ലാതെയും **01.12.2021** വരെ പിഴയോട് കൂടെയും ഓൺലൈനായി അപേക്ഷിക്കാം.
- **എം. പി. എഡ്./ ബി. പി. എഡ്.** പരീക്ഷകൾക്ക് **25.11.2021** വരെ പിഴയില്ലാതെയും **27.11.2021** വരെ പിഴയോട് കൂടെയും അപേക്ഷിക്കാം.

**ഇന്റേണൽ മാർക്ക്**

അഫിലിയേറ്റഡ് കോളേജുകളിലെ **നാലാം** സെമസ്റ്റർ **ബിരുദ** (ഏപ്രിൽ 2021) പരീക്ഷകളുടെ ഇന്റേണൽ മാർക്ക് **23.11.2021, വൈകുന്നേരം 5 മണി**ക്കകം സമർപ്പിക്കണം.